

കേരള സർക്കാർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്



# സുഭിക്ഷം ഭദ്രം സുരക്ഷിതം

കോവിഡാനന്തരകാലത്തെ അതിജീവനത്തിന്റെ പോർമുഖം.

ഭക്ഷ്യസ്വയംപര്യാപ്തമായ നവകേരളം

## സുഭിക്ഷ

**3,860 കോടി രൂപയുടെ ബൃഹത്തായ കാർഷികപദ്ധതി.**

- കൃഷി 1449, ക്ഷീരവികസനം 215, മൃഗസംരക്ഷണം 118, മത്സ്യക്കൃഷി 2078 കോടിരൂപ വീതം. സംസ്ഥാനത്ത് തരിശു കിടക്കുന്ന മുഴുവൻ തരിശു ഭൂമിയിലും കൃഷിയിറക്കും.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധവകുപ്പുകൾ കൈകോർക്കുന്നു.

ലക്ഷ്യം: തൊഴിൽ, വരുമാനവർദ്ധന, പാൽ–മുട്ട–മത്സ്യ ഉത്പാദനവർദ്ധന, സുരക്ഷിതഭക്ഷണം, ഭക്ഷ്യസുരക്ഷ, യുവാക്കളെയും തിരിച്ചെത്തുന്ന പ്രവാസികളെയും ആകർഷിക്കുക

- കൃഷി ചെയ്യുന്നവർക്കു വായ്പയും സബ്സിഡിയും മറ്റു പിന്തുണയും

- സംഭരണത്തിനു ശീതീകരണസംവിധാനം
- വിപണനത്തിനും വൻപദ്ധതി
- കാർഷികസംഘങ്ങൾക്കും കുടുംബശ്രീക്കും സഹായം
- കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കു വ്യവസായവകുപ്പിന്റെ പദ്ധതി...

സൂക്ഷ്മ–ചെറുകിട–ഇടത്തരം വ്യവസായങ്ങൾക്കും അതിജീവന പാക്കേജ്.

## ഭദ്രത

**3,434 കോടി രൂപയുടെ സഹായം.**

മാർജ്ജിൻ മണി • പലിശയിളവുകൾ • മോറട്ടോറിയം • ഒറ്റത്തവണതീർപ്പാക്കൽ • പലിശതിരിച്ചടവിനു സാവകാശം • പലിശ സബ്സിഡി • സർക്കാരിന്റെ വ്യവസായ–ഐ.ടി പാർക്കുകളിലും മറ്റും വാടക ഒഴിവാക്കൽ • സ്ഥലം എടുക്കുന്ന സംരംഭകരുടെ തിരിച്ചടവുകാലാവധി വർധിപ്പിക്കും • മുൻകൂർ അടയ്ക്കേണ്ട പാട്ടപ്രീമിയം കുറയ്ക്കും • പ്രവർത്തനമൂലധനത്തിനും ആസ്തിസൃഷ്ടിക്കും പ്രത്യേക വായ്പ • മറ്റനവധി ഇളവുകളും സഹായങ്ങളും

**പ്രതിസന്ധികളിൽ കാലിടറാതെ ദുരന്തങ്ങളെ അതിജീവിച്ച്**
**നവകേരളസൃഷ്ടിയിലേക്കു ചുവടുവച്ച്**
**പിണറായി വിജയൻ സർക്കാർ അഞ്ചാം വർഷത്തിലേക്ക്**

## കോവിഡിനെ ചെറുത്തത്
## ആർദ്രം പകർന്ന കരുത്ത്

• ആർദ്രം പദ്ധതിയിലൂടെ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളെജ് വരെ ഉന്നതനിലവാരത്തിൽ • രോഗീസൗഹൃദം • പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി • ലാബും ഫാർമസിയും ആവശ്യത്തിനു ഡോക്ടർമാരും സ്റ്റാഫും • വൈകുവോളം ഓപി • ജില്ലാ–താലൂക്ക് ആശുപത്രിവരെ സൂപ്പർ സ്പെഷ്യാലിറ്റിയും ഹൃദ്രോഗചികിത്സയും • എല്ലാ മെഡിക്കൽ കോളെജിലും ക്യാൻസർ ചികിത്സ • കുട്ടികൾക്കു ക്യാൻസർ, ഹൃദയരോഗചികിത്സകൾ സൗജന്യം • 42 ലക്ഷം കുടുംബങ്ങൾക്കു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് • ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിച്ചു • കൊച്ചിയിൽ 383 കോടിയുടെ പുതിയ ക്യാൻസർ സെന്റർ • ശിശുമരണനിരക്ക് ആറായി കുറഞ്ഞു.

**ആരോഗ്യസൂചികകളിൽ ആഗോളനിലവാരം. നിപ്പയെ തുരത്തിയതും ലോകം വാഴ്ത്തി.**

## കോവിഡുകാലത്തും സുസജ്ജം പൊതുവിദ്യാഭ്യാസം



• ഭീതി ഒഴിയുവോളം കുഞ്ഞുങ്ങൾക്ക് ഓൺലൈൻ പഠനം • 45000 സെക്കൻഡറി, ഹയർ സെക്കൻഡറി ക്ലാസ് മുറികൾ ഹൈടെക്കാക്കി. • എല്ലാ പ്രൈമറി സ്കൂളിലും കമ്പ്യൂട്ടർ ലാബ്. • 30000–ൽപ്പരം ഡിജിറ്റൽ പഠന സാമഗ്രികൾ സമഗ്ര പോർട്ടലിൽ • മുഴുവൻ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങൾ • 1000 ൽപ്പരം സർക്കാർ വിദ്യാലയങ്ങളിൽ കോടികളുടെ കെട്ടിടങ്ങളും സൗകര്യങ്ങളും • ഗുണമേന്മാവിദ്യാഭ്യാസത്തിനു സമഗ്ര പദ്ധതി • കോവിഡിനുമുമ്പേ പാഠപുസ്തകം എത്തിച്ചു. ഇപ്പോൾ പുസ്തകം വേനലവധിക്കുംമുമ്പേ. • എല്ലാവർക്കും യൂണിഫോമും മികച്ച ഉച്ചഭക്ഷണവും ഓണക്കാലത്ത് അഞ്ചുകിലോ അരിയും സൗജന്യം.

**പൊതുവിദ്യാലയങ്ങളിൽ അധികമായി ചേർന്നത് 5,04,851 കുട്ടികൾ!**

## കോവിഡ് നാളിലും പെരുമഴക്കാലത്തും ആശ്വാസം
## പത്തുലക്ഷത്തിലേറെപ്പേർക്കു സുരക്ഷിതവീട്.

• നാലുകൊല്ലംകൊണ്ടു തീർത്തതു രണ്ടരലക്ഷം വീട് • ഭൂമിയില്ലാത്ത കുടുംബങ്ങൾക്കു പാർപ്പിടസമുച്ചയം • മുൻപേ പണിതീരാതെകിടന്ന വീടുകളും തീർത്തു
• മത്സ്യത്തൊഴിലാളികളെ സുരക്ഷിതസ്ഥാനത്തേക്കു മാറ്റിപ്പാർപ്പിക്കാൻ 2450 കോടിയുടെ പുനർഗേഹം പദ്ധതി
• മറ്റൊരു 1,42,752 കുടുംബങ്ങളെ പട്ടയം നൽകി ഈ സർക്കാർ ഭൂമിയുടെ ഉടമകളാക്കി.

**വീടില്ലാത്തവർ ഇല്ലാത്ത കേരളത്തിലേക്ക്...**

## മാലിന്യമുക്തം
## മണ്ണും വെള്ളവും വായുവും ആഹാരവും

• ഹരിതകേരളമിഷൻ 200 ഹരിതസമൃദ്ധി വാർഡുകൾ • 390 കി.മീ. നീളത്തിൽ പുഴകളും36323 കി.മീ നീളത്തിൽ നീർച്ചാലുകളുംപുനരുജ്ജീവിപ്പിച്ചു • 546 പുതിയ പച്ചത്തുരുത്തുകൾ • ഓഫീസുകളിലും പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ
• 26 ഗ്രാമങ്ങൾ തരിശുരഹിതമാക്കി • പച്ചക്കറിയുത്പാദനം മൂന്നരലക്ഷം ടൺ വർദ്ധിപ്പിച്ചു • നെല്ലുത്പാദനം 6.28 ലക്ഷം മെട്രിക് ടണിൽനിന്നു 15 ലക്ഷം മെട്രിക് ടണ്ണായി • പാലിന്റെ 94% സംസ്ഥാനം ഉത്പാദിപ്പിക്കുന്നു • പ്രതിദിനപാൽ സംഭരണത്തിൽ റെക്കോഡ് • പച്ചക്കറി, പഴം, മത്സ്യം, മരുന്ന് എന്നിവ അപകടരഹിതമാക്കാൻ കർശനപരിശോധന.

ആരോഗ്യവും വിദ്യാഭ്യാസവും
ആത്മാഭിമാനവുമുള്ള നവകേരളം

## എല്ലാവരെയും ഉൾച്ചേർക്കുന്ന

# നവകേരളസംസ്കാരം

● പത്തുലക്ഷം കുടുംബങ്ങളെക്കൂടി ക്ഷേമപെൻഷനിൽ ഉൾപ്പെടുത്തി ● പെൻഷൻ 600-ൽനിന്ന് 1300 രൂപയാക്കി ● അതു കുടിശിക ഇടാതെ വീട്ടിൽ എത്തിക്കുന്നു ● ക്ഷേമപെൻഷനു വിനിയോഗിച്ചത് 2011-16 കാലത്ത് 9270 കോടിരൂപ; ഈ സർക്കാർ ഇതുവരെ 23, 409 കോടിരൂപ ● എല്ലാ ക്ഷേമനിധിയാനുകൂല്യങ്ങളും ഉയർത്തി.

● സ്ത്രീകൾ, കുട്ടികൾ, വയോധികർ, ലൈംഗിക ന്യൂനപക്ഷങ്ങൾ, ഭിന്നശേഷിക്കാർ, രോഗബാധിതർ, പട്ടികവിഭാഗങ്ങൾ, തൊഴിലാളികൾ... എല്ലാവർക്കും പ്രത്യേക പരിഗണന.



● വനിത, ശിശു വികസന വകുപ്പ് ഉണ്ടാക്കി ● ജൻഡർ ബജറ്റിങ് നടപ്പാക്കി ● 24 മണിക്കൂർ വനിത ഹെൽപ് ലൈൻ –'മിത്ര 181' ● ഷീ ലോഡ്ജ് ശൃംഖല ● നിരാലംബർക്ക് "എന്റെ കൂട്" പദ്ധതി ● പിങ് പട്രോൾ ● വ്യാപാരശാലകളിൽ സ്ത്രീത്തൊഴിലാളികൾക്ക് ഇരിക്കാൻ നിയമം...

● പൊലീസിലെ വനിതാപ്രാതിനിധ്യം 25% ആക്കുന്നു ● വനിതകളുടെ പൊലീസ് ബറ്റാലിയനും കമാൻഡോ പ്ലാറ്റൂണും ● കേരള ഫയർ സർവ്വീസിൽ ആദ്യമായി 100 ഫയർ വിമെൻ.

# സാമൂഹിക നീതിക്ക് കരുത്തുറ്റ ചുവടുകൾ

● പട്ടികജാതി കടാശ്വാസപദ്ധതിയിൽ 43,136 പേരുടെ 83 കോടിരൂപയുടെ കടം എഴുതിത്തള്ളി ● ആദിവാസിഊരുകളിലേക്കു സഞ്ചരിക്കുന്ന റേഷൻകട ● പട്ടികവിഭാഗക്കാർക്കു പഠനമുറികൾ ● ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും 25 ശതമാനം ഉയർത്തി ● പെൺകുട്ടികൾക്കു 'വാത്സല്യനിധി ഇൻഷുറൻസ്".

● പൊലീസിലും എക്സൈസിലും നൂറുവീതം പട്ടികവർഗ്ഗക്കാരെ നിയമിച്ചു ● നൈപുണ്യവികസനത്തിലൂടെ 6500 പേർക്കു ജോലി; 360 പേർക്കു വിദേശത്ത്.

● ദേവസ്വം നിയമനങ്ങളിൽ മുന്നാക്കക്കാരിലെ പിന്നാക്കക്കാർക്കു സംവരണം ● ശാന്തിമാരായി പട്ടികവിഭാഗക്കാർക്കടക്കം നിയമനം ● OBC/SEBC/OEC വിദ്യാഭ്യാസാനുകൂല്യമായി 1121.36 കോടി രൂപ നൽകി. ● മറ്റു പിന്നാക്കവിഭാഗങ്ങളുടെ ക്രീമിലെയർ വരുമാനപരിധി കേരളം ആറിൽ നിന്ന് എട്ടു ലക്ഷം രൂപയാക്കി.

● മുന്നോക്കക്ഷേമ കോർപ്പറേഷന് (സമുന്നതി)നടപ്പുവർഷമടക്കം 187.24 കോടി രൂപ.

● മദ്രസാദ്ധ്യാപക ക്ഷേമനിധി ● ഹജ്ജ് ഹൗസിൽ സ്ത്രീകൾക്കു പ്രത്യേകബ്ലോക്ക് ● ന്യൂനപക്ഷ ക്ഷേമത്തിനായി നാലുവർഷം274 കോടി രൂപ.



● ആശമാർ, അങ്കണവാടി, ക്രഷ്, പ്രീസ്കൂൾ ടീച്ചർമാർ, ഹെൽപ്പർമാർ, വർക്കർമാർ,സ്കൂൾ പാചകക്കാർ, ലൈബ്രേറിയൻമാർ തുടങ്ങി 20-ൽപ്പരം വിഭാഗങ്ങളുടെ വേതനവും ഇൻസെന്റീവും ഗണ്യമായി ഉയർത്തി.

● കുടുംബശ്രീയ്ക്കു റെക്കോഡ് വളർച്ച ● 20 കോടിയുടെ പുനരുദ്ധാരണപദ്ധതി ● ഉത്പന്നങ്ങൾക്ക് ഓൺലൈൻ വിപണി.

● അതിഥിത്തൊഴിലാളികൾക്ക് അപ്നാ ഘറും ഇൻഷ്വറൻസും ക്ഷേമവും.

● എല്ലാ മേഖലയിലും മിനിമം വേതനം പുതുക്കി ● തോട്ടം മേഖലയ്ക്കു പ്രത്യേക പായ്ക്കേജ് ● ചുമട്ടുതൊഴിലാളികളുടെ കൂലിവ്യവസ്ഥ ന്യായമാക്കി ● അസംഘടിതതൊഴിലാളികൾക്കും സ്വകാര്യമേഖലയിലെ തൊഴിലാളികൾക്കും വേതനസുരക്ഷ.

● ദേശീയ തൊഴിലുറപ്പിൽ റെക്കോർഡ് തൊഴിൽദിനങ്ങൾ.

● എൻഡോസൾഫാൻ ബാധിതർക്കു മുമ്പില്ലാത്ത സാന്ത്വന, സമാശ്വാസ പദ്ധതികൾ ● കടങ്ങൾ എഴുതിത്തള്ളാൻ പദ്ധതി

● മുഖ്യമന്ത്രിയുടെ പരാതിപരിഹാരസെല്ലിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ.

● ദുരിതകാലങ്ങളിൽ തുണയായത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി.

**എല്ലാവരെയും ചേർത്തുപിടിച്ച് ജനങ്ങളുടെ സർക്കാർ**

# പുതിയ തുടക്കം, കൂടുതൽ ഉയരങ്ങൾ

● പഞ്ചായത്തു റോഡുകളുടെ നവീകരണത്തിനു മുഖ്യമന്ത്രിയുടെ ഗ്രാമീണറോഡ് പദ്ധതി. ● കോവിഡ്കാലത്തു 3% പലിശയ്ക്കു വായ്പ നല്കിക്കൊണ്ട് കേരളബാങ്കിന് ഉജ്ജ്വലതുടക്കം.

● സർക്കാർ നിയമനത്തിൽ റെക്കോഡ്– പി.എസ്സ്.സി വഴി 1,30,939 പേർക്ക് നിയമനം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി 58,297 ● പുതുതായി 30,000 തസ്തിക.

● ഐ.ടിയിലും മറ്റു വ്യവസായങ്ങളിലും അനുബന്ധമേഖലകളിലുമായി സൃഷ്ടിച്ചത് വൻ തൊഴിൽ സാധ്യത ● 2200 സ്റ്റാർട്ടപ്പുകൾ; 900 കോടിരൂപ സഹായം; 875 കോടി അധികനിക്ഷേപം.

KERALA BANK
Kerala State Co-operative Bank

# സുതാര്യം, സുഗമം, അഴിമതിരഹിതം

● എല്ലാ വകുപ്പും ഡിജിറ്റൽ ● സർട്ടിഫിക്കറ്റുകളും സേവനങ്ങളും പണമടവും ഓൺലൈനിൽ

● എല്ലാ കുടുംബത്തിനും റേഷൻ കാർഡ്; പുതിയ കാർഡ് 24 മണിക്കൂറിനകം.

● എംഎസ്എംഇ, പൊതുമേഖലാ ഉത്പന്നങ്ങൾക്ക് 'കേരള ഇ മാർക്കറ്റ്'

● 15 പൊതുമേഖലാവ്യവസായങ്ങൾ ലാഭത്തിലാക്കി.

● എല്ലാ സർവ്വകലാശാലയിലെയും ബിരുദ–ബിരുദാനന്തര പ്രവേശനവും ഫലപ്രഖ്യാപനവും ഏകീകരിച്ചു

● പി.ഡബ്ലിയു.ഡി നിർമാണങ്ങൾ അഴിമതിരഹിതവും സുതാര്യവുമാക്കി ● റോഡ് നിർമാണത്തിനു നൂതനസാങ്കേതികവിദ്യ ● സംസ്ഥാനറോഡുകളിൽ ടോൾ ഒഴിവാക്കി ● നിർമ്മിച്ചത് 229 പാലം, ബി.എം&ബി.സി നിലവാരത്തിൽ 4093 കി.മീ. റോഡ്.

● ശബരിമലവികസനത്തിനു 2016–നു മുമ്പുള്ള അഞ്ചുവർഷം ആകെ 456.22 കോടി രൂപയുടെ സ്ഥാനത്ത് ഈ സർക്കാർനാലുവർഷം മാത്രം 1621.36കോടി രൂപ വിനിയോഗിക്കുന്നു.

● വിലക്കയറ്റവും ഭക്ഷ്യദൗർലഭ്യവുമില്ല ● അരിയടക്കം13 ഇനങ്ങൾക്ക് സപ്ലൈകോ വിപണികളിൽ വിലക്കയറ്റമില്ല.

# ഭദ്രം ക്രമസമാധാനം

● കുറ്റകൃത്യങ്ങളിൽ നാലുകൊല്ലംകൊണ്ടു 30% കുറവ് ● പൊലീസ് സേന നവീകരിച്ചു ● പ്രവർത്തനം ജനകീയം ● ജനമൈത്രി സുരക്ഷാപദ്ധതി എല്ലാ സ്റ്റേഷനിലും.

● ലഹരിവിരുദ്ധബോധവത്ക്കരണത്തിനു 'വിമുക്തി' പദ്ധതി;

● റോഡപകടം കുറയ്ക്കാൻ സേഫ് കേരള പദ്ധതി ● 2022–ഓടെ പത്തുലക്ഷം വൈദ്യുതിവാഹനം ● ഇൻഡ്യയിൽ അദ്യമായി പൊതുമേഖലയിൽ ഇലക്ട്രിക് ഓട്ടോ നിർമ്മാണം.

● ടൂറിസ്റ്റുകളുടെ എണ്ണത്തിലും വരുമാനത്തിലും വൻമുന്നേറ്റം ● ഉത്തരവാദിത്തടൂറിസം മിഷൻ തുടങ്ങി;15,000 പുതിയ യൂണിറ്റുകൾ;70,000 പേർക്കു തൊഴിൽ ● മുന്നൂറിലേറെ പുതിയ ടൂറിസം പദ്ധതികൾ.

● എല്ലാ പഞ്ചായത്തിലും ആയുർവേദചികിത്സാസ്ഥാപനങ്ങൾ ● 42 മാതൃകാ ഹോമിയോ ഡിസ്പെൻസറികൾ.

# പെറ്റനാട് മക്കളെ ചേർത്തുപിടിച്ച കാലം



● കോവിഡ് കാലത്തു പ്രവാസി സഹോദരങ്ങളുടെ സുരക്ഷയിലും മടങ്ങിവരവിലും സജീവമായ ഇടപെടൽ ● നിയമസഭപോലെ പ്രവാസികൾക്കായി ലോകകേരളസഭ ● വിപുലമായ പുനരധിവാസ പദ്ധതികൾ ● പ്രവാസി ചിട്ടിയും ഡിവിഡന്റ് പദ്ധതിയും ● പ്രവാസി ഇൻഷ്വറൻസ് തുക ഇരട്ടിയാക്കി ● അവശതകൾ ഉള്ളവർക്കു സാന്ത്വനം പദ്ധതി ● വിദേശത്തു മരിക്കുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കും.

● കടലിന്റെ മക്കൾക്ക് 6224 വീട്; ലൈഫിൽ 1666 വീടും, 2057 കുടുംബത്തിനു ഭൂമിയും ● മുട്ടത്തറ ഫ്ളാറ്റ് ദേശീയശ്രദ്ധനേടി; ഏഴിടത്തായി 772 ഫ്ളാറ്റുകൾ ഉയരുന്നു ● ഓഖി പുനരധിവാസപാക്കേജിലൂടെ സമഗ്രപുരോഗതി ● ഓഖിബാധിത കുടുംബാംഗങ്ങൾക്ക് കോസ്റ്റൽ പൊലീസിൽ നിയമനം.

● പരമ്പരാഗത മേഖലയിൽ എല്ലാവർക്കും തൊഴിൽ ഒപ്പം ആധുനീകീകരണം ● പൂട്ടിക്കിടന്ന ഫാക്റ്ററികൾ തുറന്നു ● സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ കൈത്തറി ഉത്പാദനത്തിൽ കുതിപ്പ് ● നാലുവർഷംകൊണ്ട് പ്രതിവർഷ കയറുത്പന്നസംഭരണം 12,118 ടണ്ണും കയർ ഫെഡിന്റെ വില്പന 9,118 ടണ്ണും വർദ്ധിച്ചു; പ്രതിവർഷകയർസംഭരണം 50%വർദ്ധന.

● റബറിന്റെ വിലസ്ഥിരതയ്ക്കു പദ്ധതി. കുടിശികയടക്കം 1310.53 കോടി രൂപ 4,12,000 കർഷകർക്കു നല്കി ● മൂല്യവർദ്ധനയ്ക്കു സിയാൽ മാതൃകയിൽ കമ്പനി വരുന്നു.

● സ്പോട്സ് ക്വാട്ടയിൽ റെക്കോഡ് നിയമനം – 440 കായികതാരങ്ങൾക്ക്

**നവകേരളപാതയിൽ സർക്കാർ മുന്നിലുണ്ട്**




# കേരളം
# കോവിഡ് പ്രതിരോധത്തിന്റെ ലോകോത്തരമാതൃക

● രാജ്യത്തെ ആദ്യ കോവിഡ്. ഉയർന്ന ജനസാന്ദ്രത. പുറംനാടുകളിൽ 30 ലക്ഷത്തോളം പേർ, കൂട്ടമായി പാർക്കുന്ന അതിഥിത്തൊഴിലാളികൾ... എന്നിട്ടും...

**നാം സമൂഹവ്യാപനം തടഞ്ഞു. ഏറ്റവും കുറഞ്ഞ മരണനിരക്ക്. ഏറ്റവും ഉയർന്ന രോഗമുക്തിനിരക്ക്**

**നാം പുലർത്തിയത് അതിജാഗ്രത. ആവിഷ്ക്കരിച്ചതു ത്രിതലതന്ത്രം.**

സെക്രട്ടേറിയറ്റിൽ വാർ റൂം ● സംസ്ഥാന–ജില്ലാതലങ്ങളിൽ24 മണിക്കൂർ കൺട്രോൾ റൂം ● വകുപ്പുകളുടെ ശക്തമായ ഏകോപനം ● ബ്രേക്ക് ദ് ചെയിൻ ● വിപുലമായ ബോധവത്ക്കരണം ● ജനസംഖ്യാനുപാതികമായി ഏറ്റവും ഉയർന്ന പരിശോധനാനിരക്ക് ● പരിശോധനയ്ക്കു കിയോസ്ക് ● പ്രത്യേക കോവിഡ് ആശുപത്രികൾ ● 1056 –ദിശ 24X 7 കോൾസെന്റർ ● സമ്പർക്കപ്പട്ടിക ● കർശന നിരീക്ഷണം ● ക്വാറന്റൈനിനു രണ്ടരലക്ഷം മുറികൾ ● എൻ.എച്ച്.എമ്മിൽ 7000ത്തോളം താത്ക്കാലികനിയമനം ● വയോധികർക്കും രോഗസാദ്ധ്യത കൂടിയവർക്കും പ്രത്യേക ശ്രദ്ധ

● നാം ചെയ്ത ഇരുപതോളം കാര്യങ്ങൾ രാജ്യത്തോ ലോകത്തോ തന്നെ ആദ്യം!
ഫലമോ?
ലോകമെങ്ങുമുള്ള കേരളീയർ 'സുരക്ഷിതകേരള'ത്തിലെത്താൻ വെമ്പി.
കേരളമാതൃക ലോകത്തെ വലിയ വാർത്തയായി.

# അതുല്യം ഈ ലോക്ഡൗൺ അതിജീവനവും

● തുടക്കത്തിലേ 20,000 കോടി രൂപയുടെ പാക്കേജ് ● എല്ലാ കുടുംബത്തിലും സഹായമെത്തിച്ചു; പണമെത്തിച്ചു ● ഒരാളും പട്ടിണി കിടക്കാതിരിക്കാൻസാമൂഹിക അടുക്കള, സൗജന്യറേഷൻ, സൗജന്യ കിറ്റ്, 20 രൂപയ്ക്ക് ഊണു നൽകുന്ന 1000 കുടുംബശ്രീ ഭക്ഷണശാല; ഒന്നിനും ബുദ്ധിമുട്ടിയില്ല. ● പ്രവാസികളെ കൊണ്ടുവരാൻ തുടർച്ചയായ ഇടപെടൽ ● അതിഥിത്തൊഴിലാളികളെ അന്തസ്സായി, സുരക്ഷിതരായി നാട്ടിലെത്തിച്ചു ● നാട്ടിലും വിദേശത്തുമുള്ള രോഗികൾക്കും വയോധികർക്കും മരുന്നും അവശ്യസാധനങ്ങളും എത്തിച്ചു. ●ക്ഷേമപെൻഷൻ വിതരണം ചെയ്തത് 4709 കോടി രൂപ ● സഹായം വേണ്ട മറ്റുള്ളവർക്ക് 1000 രൂപ ● എല്ലാ ക്ഷേമനിധി ബോർഡുകളും വഴി 50 ലക്ഷത്തോളം പേർക്ക് അടിയന്തരധനസഹായം ● ബില്ലുകളിലും നികുതികളിലും ഇളവ് ● ബാങ്കുവായ്പകൾക്കു മൊറട്ടോറിയം

● പുനരുജ്ജീവനം– 500 കോടി രൂപയുടെ ഹെൽത്ത് പാക്കേജ് ● കുടുംബശ്രീവഴി രണ്ടായിരം കോടി രൂപയുടെ വായ്പ ● തൊഴിലുറപ്പുപദ്ധതി മുഖേന 2000 കോടി രൂപയുടെ തൊഴിൽദിനം ● സർക്കാർ നൽകേണ്ട എല്ലാ കുടിശികയും തീർത്തു; നൽകിയത് 14,000 കോടി രൂപ ● 3% പലിശയ്ക്ക് 50,000 രൂപവരെ കേരളബാങ്കിന്റെ വായ്പ

പാഴ്‌വാക്കല്ല, എല്ലാം ജനങ്ങളിലെത്തി

**മഹാപ്രളയവും നോട്ടുനിരോധവുമടക്കുള്ള പ്രതിസന്ധികൾ വന്നപ്പോഴും**

## എല്ലാവരെയും ചേർത്തുപിടിച്ചു സർക്കാർ

കേരളത്തെ കരകയറ്റിയത്

**ഭരണമികവ് ● ഏകോപനം ● ശക്തമായ നേതൃത്വം**

ഇനി ദുരന്തങ്ങൾ തളർത്താത്ത നവകേരളസൃഷ്ടി
'റീബിൽഡ് കേരള'യിലൂടെ

Rebuild Kerala

## ലോകത്തിലെ സുരക്ഷിതനാട്

എന്ന പതക്കത്തിനൊപ്പം ലോകം അറിഞ്ഞു,

## കേരളം ഇതുവരെ കാണാത്ത വികസനവേഗം

• പുതിയ മലയോരഹൈവേ 3500 കോടി ചെലവിൽ 1251 കി.മീ. നിർമ്മാണം പുരോഗമിക്കുന്നു • 650 കി. മീ. തീരദേശഹൈവേ പണിതുടങ്ങി. കിഫ്ബിവഴി 6500 കോടി • ദേശീയപാത വീതികൂട്ടുന്നു; സ്ഥലമെടുപ്പു തുടങ്ങി; സംസ്ഥാനം മുടക്കുന്നത് 5,000 കോടി • എം.സി. റോഡ് വികസനവും അതിവേഗം • പതിറ്റാണ്ടുകളായി കിടന്ന ബൈപ്പാസുകളും ഫ്ളൈ ഓവറുകളും പൂർത്തിയാക്കി.

• കാസർകോഡ് – തിരുവനന്തപുരം നാലുമണിക്കൂറിൽ എത്തുന്ന സെമി ഹൈ സ്പീഡ് റെയിൽ വേ ആകാശസർവ്വെ പൂർത്തിയാക്കി.



• ദേശീയ ജലപാത അവസാനഘട്ടത്തിൽ.

• കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കി. ശബരിമല വിമാനത്താവളം അടുത്തലക്ഷ്യം.

• തുറമുഖങ്ങളുടെ വികസനത്തിന് സമഗ്രപദ്ധതി, വിഴിഞ്ഞം പദ്ധതി ത്വരിതഗതിയിൽ.

• നടക്കില്ലെന്നുവച്ചിരുന്ന ഗെയിൽ പൈപ്പ് ലൈൻ യാഥാർത്ഥ്യമായി. വീടുകളിൽ പൈപ്പ് വഴി പാചകവാതകം പദ്ധതി തുടങ്ങി. വാഹനങ്ങൾക്കും പ്രകൃതിവാതകം.

• മുടങ്ങിക്കിടന്ന കൂടംകുളം 400 കെ.വി ലൈൻ പണിതു. പ്രസരണരംഗത്ത് 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി മുന്നോട്ട്. • സമ്പൂർണ്ണ വൈദ്യുതിവത്ക്കരണം നേടി. പവർകട്ടോ ലോഡ് ഷെഡിങ്ങോ ഇല്ലാത്ത നാലുവർഷം.



• കൊച്ചി മെട്രോ അതിവേഗം നഗരപ്രാന്തങ്ങളിലേക്കും • വാട്ടർ മെട്രോ നിർമ്മാണം മുന്നേറുന്നു.

• കൊച്ചി – കോയമ്പത്തൂർ വ്യവസായ ഇടനാഴി വരുന്നു • പാരിപ്പള്ളിയിലും വെങ്ങോട്ടും വ്യവസായ, വൈജ്ഞാനിക വളർച്ചാ ഇടനാഴി • തിരുവനന്തപുരത്തും എറണാകുളത്തും 230 കോടിയുടെ പുതിയ ഐ.ടി ഇടങ്ങൾ.

• കൊച്ചി പെട്രോകെമിക്കൽ പാർക്കിന്റെ പ്രാരംഭ പ്രവർത്തനം മുന്നോട്ട്.



• വ്യവസായം തുടങ്ങൽ ലളിതമാക്കിനിയമം. ലൈസൻസുകളും അനുമതികളും വേഗം കിട്ടാൻ 'കെ സ്വിഫ്റ്റ്' ഓൺലൈൻ ക്ലിയറൻസ്. ഒറ്റ അപേക്ഷ. 30 ദിവസത്തിനകം തീരുമാനം/കല്പിത (ഡീംഡ്) അനുമതി. ചെറുകിട സംരംഭങ്ങൾക്കു മുൻകൂർ അനുമതിവേണ്ട

**നീതി ആയോഗിന്റെ ആരോഗ്യസൂചികയിലും വ്യവസായവികസനത്തിലും സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാരപ്പട്ടികയിലും കേരളം ഒന്നാമത്.**

• കിഫ്ബി – കേരള പുനരുജ്ജീവനത്തിന്റെ തനതുവഴി. ഈ സർക്കാർ ഇതിനകം നടത്തുന്നത് 40,403 കോടി രൂപയുടെ നിർമ്മാണം; സാധാരണയുടെ 5 ഇരട്ടി. പ്രതിസന്ധികാലത്തും വികസനം മുന്നോട്ട്...

ഇതെല്ലാം ആഗോളകമ്പനികളെ ആകർഷിക്കുന്നു.

**കേരള സ്പേസ് പാർക്ക്, സ്പേസ് ആൻഡ് എയ്റോ സെന്റർ ഓഫ് എക്സലൻസ്, എയർ ബസ് കമ്പനിയുടെ ബിസ് ലാബ്, നിസാൻ ഇലക്ട്രിക്കൽ വാഹനനിർമ്മാണകേന്ദ്രം, ടോറസ് ഇൻവെസ്റ്റ്മെന്റ്, എച്ച് & ആർ ബ്ലോക്ക്, തേജസ്, യൂണിറ്റി, ആൾട്ടെയർ, ഏണസ്റ്റ് & യങ്, ഹിറ്റാച്ചി, കനേഡിയൻ കമ്പനി ടെറാനെറ്റ്, ...**

## ഉത്പാദനവും തൊഴിലും വളരുന്ന നവകേരളം!

# നവകേരളത്തിനു തറക്കല്ലിട്ട ഭരണം

**ഈ ലഘുലേഖയിൽ പറയുന്ന കാര്യങ്ങളുടെ വിശദവിവരങ്ങൾക്ക് ഈ കോഡ് സ്കാൻ ചെയ്യുക: ആ ലിങ്ക് മറ്റുള്ളവർക്ക് അയയ്ക്കുക.**

Published by the Director of I&PRD, 2020 May 25

കൂടുതൽ വിവരങ്ങൾക്ക്: https://www.prd.kerala.gov.in/prosperity-secure

Design: Deepak Mouthatil